(സി) ഉണ്ട്. വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം അർഹരായ 22000 മത്സ്യത്തൊഴിലാളികൾക്ക് വ്യത്യസ്ത നിരക്കിൽ എഞ്ചിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 137 ലിറ്റർ, 144 ലിറ്റർ, 188 ലിറ്റർ വീതം പരിമിതപ്പെടുത്തി ലിറ്ററൊന്നിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകുവാൻ ആകെ പ്രതിവർഷം 96.75 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സബ്സിഡി നിരക്കിൽ നിശ്ചിത തോതിൽ നൽകുന്ന മണ്ണെണ്ണയ്ക്ക് പുറമേ മാർക്കറ്റ് നിരക്കിൽ ആവശ്യാനുസരണം വേണ്ടിവരുന്ന മണ്ണെണ്ണ, മത്സ്യത്തൊഴിലാളികൾക്ക് ബങ്കുകളിൽ നിന്നും ലഭ്യമാക്കുവാൻ കഴിയുമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേക സവിശേഷത.

(ഡി) ബഡ്ജറ്റിൽ ഇതിനായി പ്രഖ്യാപിച്ച 100 കോടി രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അർഹരായ 22000 മത്സ്യത്തൊഴിലാളികൾക്ക് പദ്ധതി പ്രയോജനം ലഭ്യമാക്കാൻ സാധിക്കുന്നതരത്തിലാണ് പദ്ധതി രൂപരേഖ ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ) പരമാവധി 15 കൊല്ലം വരെ പഴക്കമുള്ള പ്രവർത്തന യോഗ്യമായ എഞ്ചിനുകൾക്കാണ് ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പുവഴി പെർമിറ്റ് മുഖാന്തിരം മണ്ണെണ്ണ ലഭിക്കുന്നത്. എന്നാൽ തൊഴിലാളികളെ പരമാവധി സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരിക്കൽ അർഹതയുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്തിട്ടുള്ള പെർമിറ്റുകളുടെ കാലാവധി അടുത്ത സംയുക്ത എഞ്ചിൻ പരിശോധനവരെ തുടരുമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മത്സ്യഫെഡ് വഴി വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമ്പോഴും ഇതേ മാനദണ്ഡം സ്വീകരിച്ചുകൊണ്ടും അനർഹരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ബാർലൈസൻസ് സംബന്ധിച്ച് ഹൈക്കോടതി നിരീക്ഷണം

25 (*745) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ ലൈസൻസ് വിഷയത്തിൽ സർക്കാരിന്റെ നയവും നടപടികളും രണ്ടുവഴിക്കാവരുതെന്ന ബഹു. കേരള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതി ഇത്തരത്തിൽ നിരീക്ഷിക്കാനിടയായതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) മദ്യലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യം സർക്കാരിനുണ്ടോ ; എങ്കിൽ ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണത്തിൽ എത്ര ശതമാനം കുറയ്ക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ പ്രചരിപ്പിക്കുന്ന നയവും അനുവർത്തിക്കുന്ന നടപടികളും ഒരേദിശയിൽ ആണോ ; ഇല്ലെങ്കിൽ ആയത് ഒരേദിശയിൽ കൊണ്ടുവരാമോ ;

(ഇ) സർക്കാർ നയം സർക്കാർ തന്നെ തെറ്റിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയത് ഇല്ലാതാക്കാമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി ബിവറേജസ് ഔട്ട്ലെറ്റുകൾ (എഫ്.എൽ.1 ഷോപ്പുകൾ) ഒന്നും തന്നെ അനുവദിച്ചിട്ടില്ല. കഴിഞ്ഞ സർക്കാർ അനുവദിച്ചുത്തരവായ 12 എഫ്.എൽ.1 ഷോപ്പുകൾ തുറക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം 33 ഔട്ട്ലെറ്റുകൾ അനുവദിച്ചിരുന്നു. ഔട്ട് ലെറ്റുകളുടെ എണ്ണത്തിൽ ഒരെണ്ണം പോലും വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. സർക്കാരിന്റെ നയവും അനുവർത്തിക്കുന്ന നടപടികളും ഒരേ ദിശയിൽത്തന്നെയാണ്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ, മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ യാതൊരുവിധ നടപടികളും സർക്കാർ സ്വീകരിച്ചു വന്നിട്ടില്ല. മറിച്ച് മദ്യ-മയക്കുമരുന്നിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തി മദ്യപാനശീലമുള്ളവരെ അതിൽ നിന്നും പിൻതിരിപ്പിക്കാനും, പുതിയ തലമുറയെ മദ്യപാനശീലത്തിൽ നിന്നും അകറ്റി നിർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിച്ച് ഘട്ടം ഘട്ടമായി മദ്യവർജ്ജനത്തിലെത്തിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഇ) ഇല്ല. മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. ഈ നയം തെറ്റിക്കുന്ന ഒരു സാഹചര്യവും നിലവിലില്ല.

അടിസ്ഥാന വിവര ശേഖരങ്ങൾ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ച നടപടി

26 (*746) ശ്രീ. ബി. സത്യൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രധാനമായ രഹസ്യ വിവരശേഖരങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളിൽ കടന്നുകയറാൻ സ്വകാര്യ കമ്പനിയെ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly